3

# ബൈബിളിലെ പേരുകൾ പ്രതിഫലിപ്പിക്കുന്നതാണ് ഭൂമിയിൽ പുത്രന്റെ ദൈവികത്വം

ദൈവം മനുഷ്യരെ സൃഷ്ടിച്ചു കുറച്ചു കഴിഞ്ഞപ്പോൾ, ചില കുഴപ്പം സംഭവിച്ചു. പുരുഷനും സ്ത്രീയും ദൈവത്തിന്റെ സുരക്ഷിതത്വവലയം ഭേദിച്ചു സ്വയ - സേവനത്തിലേക്കു തിരിഞ്ഞു. ഈ പാപം അവർക്കു ദൈവത്തോടുള്ള കൂട്ടായ്മ നഷ്ടപ്പെടുത്തുകയും, മരണഭീതി അവരിൽ വരുത്തുകയും ചെയ്തു. ദൈവവും ആദാമും ഹവ്വയും തമ്മിലുള്ള വിടവു അഗാദവും വിശാലവുമായി. അനന്തരഫലം വി - ദൂരമായി; അവ നമ്മെയും ബാധിക്കുന്നു. എണ്ണ ആട്ടി എടുക്കുന്ന മിഷ്യന്റെ ചങ്ങലയിലെ ഓരോ കണ്ണിയിലും എണ്ണ പുരട്ടുന്നതുപോലെ, മനുഷ്യ ചരിത്രത്തിലെ ഓരോ തലമുറയിലും പാപം തേച്ചുകൊണ്ടിരിക്കുകയാണ്. അതിനു മാറ്റം വരുത്തിയില്ലെങ്കിൽ, മനുഷ്യവർഗ്ഗം മുഴുവൻ മരണത്താൽ നശിച്ചു പോകുമായിരുന്നു (റോമർ 5:12). നാം ദൈവത്തിന്റെ നിന്നകന്നു ലോകത്തിൽ പ്രത്യാശയില്ലാത്തവരായിതീർന്നു (എഫെസ്യർ 2:12). ദൈവം നമുക്കു വേണ്ടി പ്രവർത്തിച്ചില്ലായിരുന്നെങ്കിൽ എല്ലാവരും നഷ്ടപ്പെട്ടു പോകുമായിരുന്നു.

അവിശ്വസനിയ സ്നേഹം, കരുണ, കൃപ, എന്നിവ പ്രദർശിപ്പിച്ചു ദൈവം ഒരു വ്യക്തിയായി ഭൂമിയിൽ വന്നു! അവൻ ആ പിളർപ്പു മറികടന്നു. അവൻ ഒരു പാലം പണിതു. ഉയരത്താലോ, ആഴത്താലോ, വിതിയാലോ, അളക്കുവാൻ പറ്റാത്ത സ്നേഹത്താൽ അവൻ പ്രവർത്തിച്ചു. അവൻ ചെയ്തതു അപ്രതീക്ഷിതം മാത്രമായിരുന്നില്ല; അനർഹവുമായിരുന്നു. എത്ര മഹത്തരവും, സന്തോഷപ്രദവും,

ശക്തിമത്തുമായ സുവാർത്ത! *നേരെ മറിച്ചു, അതു തെറ്റിദ്ധരിക്കുവാൻ എന്തെളുപ്പം!* ഈ പാഠത്തിലെ നമ്മുടെ ലക്ഷ്യം നമ്മുടെ മനസ്സിലാക്കൽ വർദ്ധിപ്പിക്കുവാനും ദൈവം നമുക്കു ചെയ്തതിലുള്ള അനുമോദനം ഉയർത്തുന്നതിനും ആണ്.

ദൈവത്തിന്റെ മശിഹ വരുന്നതിനെ കുറിച്ചായിരുന്നു പഴയനിയമത്തിലെ പല വാഗ്ദാനങ്ങളും പ്രവചനങ്ങളും ഇതിന്റെ പരിപൂർണ്ണത നമുക്കു യേശുവിന്റെ വരവിൽ കാണാം. യോഹന്നാന്റെ എഴുത്തുകളോടെ, പുതിയ നിയമം എഴുതി തീർന്നപ്പോൾ അവ സഭക്കു വെളിപ്പെടുത്തി കൊടുക്കുകയും ലോകം യേശുവിനെ ദൈവ പുത്രനായിട്ടു മാത്രമല്ല, അവൻ പുത്രനായ ദൈവവുമാണന്നു ബോധ്യമാക്കുകയും ചെയ്തു (യോഹന്നാൻ 1:1–14; 20:26–31).

### "ദൈവപുത്രൻ"

"ദൈവപുത്രൻ" എന്ന പദപ്രയോഗം പഴയ നിയമത്തിലും പുതിയ നിയമത്തിലും ദൈവം ആകണം എന്നില്ല. നിങ്ങൾ "യഹോവയായ ദൈവത്തിന്റെ മക്കൾ," എന്നു മോശെ യിസ്രായേല്യരെ, കുറിച്ചു പറഞ്ഞിട്ടുണ്ട്. തങ്ങൾ ദൈവമല്ലാ എന്നു യിസ്രായേൽ ജനം അറിഞ്ഞിരുന്നു, എങ്കിൽ പോലും അവരെ "ദൈവമക്കൾ" എന്നു വിളിച്ചിരുന്നു. പുതിയ നിയമത്തിൽ, "സമാധാനം ഉണ്ടാക്കുന്നവർ" "ദൈവത്തിന്റെ പുത്രന്മാർ" എന്നു യേശു പറഞ്ഞിട്ടുണ്ട് (മത്തായി 5:9). യേശു പറഞ്ഞ സമാധാനം ഉണ്ടാക്കുന്നവർ ദൈവം ആണെന്നു ആരും പറയുകയില്ല. പുതിയ നിയമത്തിലോ പഴയ – നിയമത്തിലോ "ദൈവമകൻ (മക്കൾ)" എന്ന പദപ്രയോഗം എപ്പോഴും ദൈവം എന്നാകണമെന്നില്ല. ഏക ഒഴിവു – യേശുവിനെ ബാധിക്കുമ്പോൾ – *അതിബൃഹത്തായതുമാണ്.*

ഇവിടെ പോലും, ആ വിവരണങ്ങളിൽ പലതും യേശുവിന്റെ ജീവിത കാലയളവിൽ പലതും ദൈവം എന്ന അർത്ഥത്തിലല്ല ഉപയോഗിച്ചത്. ദൈവത്തിന്റെ മെശിഹകളായിരുന്ന വ്യക്തികളാൽ നിബിഡമായിരുന്നു തങ്ങളുടെ ചരിത്രം എന്നു യിസ്രായേൽ ജനം അറിഞ്ഞിരുന്നു. "മശിഹാ" എന്ന വാക്കിന്റെ അർത്ഥം "തിരഞ്ഞെടുക്കപ്പെട്ടവൻ അല്ലെങ്കിൽ അഭിഷിക്തൻ" എന്നാണ്. തന്റെ ജനത്തെ നയിക്കുവാനും സംരക്ഷിക്കുവാനും ധാരാളം നായകന്മാരെയും രാജാക്കന്മാരെയും ദൈവം അഭിഷേകം ചെയ്തിരുന്നു. ചിലപ്പോൾ അവരെ "ദൈവമക്കൾ" എന്നു വിളിച്ചിരുന്നു (സങ്കീർത്തനങ്ങൾ 89:20–29; 2 ശമുവേൽ 7:11–16). വാസ്തവത്തിൽ, യിസ്രായേൽ ദേശത്തെ, മുഴുവനായും, പുറപ്പാട് 4:22 ലും ഹോശേയ 11:1 ലും ദൈവമകൻ എന്നു വിളിച്ചിട്ടുണ്ട്.

അങ്ങനെ, എബ്രായ/യിസ്രായേൽ/യെഹൂദ മനസ്സിൽ, "ദൈവ മകൻ" എന്ന പദ പ്രയോഗത്തിനു ആഴമേറിയ പ്രാധാന്യം ഉണ്ടായിരുന്നു. യിസ്രായേല്യർ അവന്റെ തിരഞ്ഞെടുക്കപ്പെട്ട ജനം ആയിരുന്നു. അവർ അവന്റെ ഭവനത്തിലെ അംഗങ്ങൾ ആയിരുന്നു. അവർ തന്റെ നിയമത്തിന്റെ ഗുണഭോക്താക്കളും ഉപകാരികളും ആയിരുന്നു. "ദൈവ മകൻ," എന്ന നിലയിൽ യിസ്രായേലിനു വിലയേറിയ പൈതൃകം

ഉണ്ടായിരുന്നു. ''ദൈവമക്കൾ,'' എന്ന നിലയിൽ അവരുടെ പലനായകന്മാരും രാജാക്കന്മാരും *യാഹ്വേയാൽ* പ്രത്യേകമായി നിയമിക്കപ്പെട്ടവർ ആയിരുന്നു.

യോഹന്നാൻ സ്നാപകൻ ശുശ്രൂഷ ആരംഭിച്ചപ്പോൾ, താൻ മശിഹ അല്ലെന്നു അന്നത്തെ മതാധികാരികളോടു പറഞ്ഞിരുന്നു. മറിച്ചു, താൻ അവന്നു വഴി ഒരുകക്കുന്നതിനാണ് വന്നതു എന്നു പറഞ്ഞു. യോഹന്നാൻ യേശുവിനെ ഒരിക്കലും മശിഹ എന്നു വിളിച്ചില്ല, പക്ഷെ തനിക്കു പിന്നാലെ വരുന്നവൻ - എന്നാണ് വാസ്തവത്തിൽ അവൻ മുൻപുള്ളവൻ ആയിരുന്നു അവനേക്കാൾ - വലിയവനും ആകുന്നു. അവന്റെ പ്രസ്താവനകൾ യേശുവിന്റെ മശിഹാത്വത്തെയും അവന്റെ കർത്വത്തെയും ഉറപ്പിക്കുന്നതായിരുന്നു (മത്തായി 3:1–3; യോഹന്നാൻ 1:15, 19–23, 30).

### "രാജാവ്"

അതുകൊണ്ടു, യേശു സ്നാനമേറ്റ ശേഷം തന്റെ ശുശ്രൂഷയിൽ പ്രവേശിച്ചപ്പോൾ, യെഹൂദന്മാരായ അവന്റെ സമകാലികന്മാരിൽ പലരും അവനെ രാജാവെന്നു പറഞ്ഞിട്ടുണ്ട്. ചിലർ, അവനെ വലിയ പപ്രാചകൻ ആയി കണക്കാക്കി, അവനെ ഒരു രാജാവാക്കിവെക്കുവാൻ ആഗ്രഹിച്ചു (യോഹന്നാൻ 6:14, 15). മറ്റുള്ളവർ, "കർത്താവിന്റെ നാമത്തിൽ വരുന്ന രാജാവു വാഴ്ത്തപ്പെട്ടവൻ; ..." എന്നു നിലവിളിച്ചു (ലൂക്കൊസ് 19:38; കൂടാതെ സങ്കീർത്തനങ്ങൾ 118:26ഉം നോക്കുക).

യേശുവിന്റെ ജീവിതത്തിലും ശുശ്രൂഷയിലും അവനുണ്ടായിരുന്ന രാജകീയ പരിവേഷം ചില ജാതികളും അറിഞ്ഞിരുന്നു. അവൻ ജനിച്ചപ്പോൾ, കിഴക്കു നിന്നു വിദ്വാന്മാർ, ജാതികളിൽ നിന്നു പാർസി അല്ലെങ്കിൽ അറേബ്യയിൽ നിന്നു വന്നു, "യെഹൂദന്മാരുടെ രാജാവു" ജനിച്ചിരിക്കുന്നത് അന്വേഷിച്ചു വന്നു (മത്തായി 2:1, 2). യേശുവിന്റെ ജീവിതാവസാനം, റോമൻ നാടുവാഴിയായിരുന്ന, പിലാത്തൊസ്, യേശു മശിഹ രാജാവു, ദൈവ പുത്രൻ ആയിരുന്നു എന്നു തിരിച്ചറിഞ്ഞ് പറഞ്ഞു (മത്തായി 26:63, 64; യോഹന്നാൻ 18:37) യേശുവിനെ ക്രൂശിൽ തറച്ചപ്പോൾ, പിലാത്തൊസ് ക്രൂശിന്മേൽ; "യെഹൂദന്മാരുടെ രാജാവായ, നസ്രായനായ യേശു എന്ന മേലെഴുത്തു എഴുതുവാൻ കല്പിച്ചു" (യോഹന്നാൻ 19:19).

### "മശിഹ"

യേശുവിന്റെ ജീവിതകാലത്ത്, ജാതികളും പല യെഹൂദന്മാരും അവനെ ദൈവത്തിന്റെ പുത്രൻ, അഭിഷിക്തൻ - "മശിഹ" ആയി കണ്ടിരുന്നു. മറ്റുള്ളവർ അവന്നു നല്കിയ ഈ നില യേശുവും സ്വീകരിച്ചിരുന്നു (മത്തായി 16:16; യോഹന്നാൻ 1:49). എങ്ങനെയായാലും, യോഹന്നാൻ സ്നാപകൻ യേശുവിനെ ഒരിക്കലും മശിഹ എന്നു വിളിക്കാതിരുന്നതുപോലെ, യേശുവും തന്റെ ശുശ്രൂഷാ വേളയിൽ തന്നെ മശിഹ എന്നു സ്വയം പറയുവാൻ മടിച്ചിരുന്നു. അതു ഒരു പക്ഷെ അവന്റെ "സമയ വിവരപട്ടിക" നോക്കിയതുകൊണ്ടാകാം (മത്തായി 16:20;

26:18; യോഹന്നാൻ 2:4; 7:6; 8:20; 17:1), അല്ലെങ്കിൽ അതു തെറ്റിദ്ധരിക്കപ്പെട്ട യെഹൂദന്മാർ തന്റെ മശിഹാത്വത്തെ ദുരുപയോഗം ചെയ്യാതിരിക്കുവാനാകാം. താൻ ''മശിഹയാണെന്ന ബോധ്യം''[1] ഇല്ലാതിരുന്നിട്ടല്ല എന്നു തീർച്ച.

യേശുവിനെ ആ വാക്കുകളെല്ലാം ഉപയോഗിച്ചിരുന്നവർ അവൻ ദൈവമായിരുന്നു എന്നു അർത്ഥമാക്കണമെന്നില്ല. വാസ്തവത്തിൽ, യേശുവിൽ നിന്നല്ലാതെ, സ്പഷ്ടമായ ഏറ്റു പറച്ചിൽ മറ്റുള്ളവരിൽ നിന്നു വരുന്നത് അവന്റെ ഉയർത്തെഴുന്നേല്പിനു ശേഷമാണ്, "സംശയിച്ച" തോമസ്സ് യേശുവിനെ ശരീരത്തോടുകൂടെ കണ്ടപ്പോൾ പറഞ്ഞു, "എന്റെ കർത്താവും ദൈവവും ആയുള്ളോരേ!" (യോഹന്നാൻ 20:28) ഉച്ചസ്ഥാനത്തെത്തി. ഉയിർത്തെഴുന്നേല്പു വിജയം നിർണ്ണായകമായിരുന്നു. ഇപ്പോൾ യേശുവിന്റെ തിരിച്ചറിവു പൂർണ്ണമായി യേശു ദൈവമാണ് (ഡീയിറ്റി)!

---

കുറിപ്പ്

[1]ജോൺ ബ്രൈറ്റ്, *ദ കിങ്ങ്ഡം ഓഫ് ഗോഡ്* (നാഷ്‌വിലേ: അബിങ്ങ്ഡൺ പ്രെസ്, 1953), 198–99.

© 2009 Truth for Today